# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.156/2025** **തിരുവനന്തപുരം, തീയതി: 16.07.2025**

# പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം കാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ), സി.എസ്.എസ്. സ്കീമിൽ നടത്തുന്ന വിവിധ എംബിഎ കോഴ്സുകളിലേക്ക് 2025 - 2027 ബാച്ച് പ്രവേശനത്തിന് എംബിഎ ജനറൽ (എസ്ടി – 2), എംബിഎ ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ് (എസ്സി – 2, എസ്ടി – 1), എംബിഎ ട്രാവൽ ആന്റ് ടൂറിസം (SEBC – Ezhava – 1, SEBC – OBH – 1, SEBC - SIUC/LC/OBX – 1, BPL (EWS) – 2, SC – 6, ST – 2) എന്നീ ഒഴിവുകളിലേക്ക് 2025 ജൂലൈ 18 ന് കാര്യവട്ടം ഐ.എം.കെ യിൽ വച്ച് രാവിലെ 11 മണി മുതൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000/- രൂപയും SC/ST വിഭാഗത്തിന് 500/- രൂപയുമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിവോക് സോഫ്ട്വെയർ ഡെവലപ്മെന്റ് (351), ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352), ബിവോക് ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356) എന്നീ ബിരുദ പരീക്ഷകളുടെ പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ അവസാന തീയതിയായ 2025 ജൂലൈ 31 ന് മുൻപ് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ് (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2019 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2025 ജൂലൈ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിഎസ്സി ഇലക്ട്രോണിക്സ് (340) (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2019 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂലൈ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2024 ഡിസംബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബിഎസ്‌സി മാത്തമാറ്റിക്സ് (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2019, 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂലൈ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in).

## പരീക്ഷാകേന്ദ്രം/പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ജൂലൈ 21 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133), ബികോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് (337), ജൂലൈ 2025 പരീക്ഷയ്ക്ക് യു.ഐ.ടി പള്ളിക്കൽ, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ ചാവർകോട് സി.എച്ച്.എം.എം. കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെ പരീക്ഷ എഴുതേണ്ടതാണ്.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിസിഎ, ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് (സപ്ലിമെന്ററി) ജൂലൈ 2025 പരീക്ഷകൾക്ക് യു.ഐ.ടി. കാഞ്ഞിരംകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ യു.ഐ.ടി. മലയിൻകീഴിലും, യു.ഐ.ടി. മണ്ണടി പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ യു.ഐ.ടി. അടൂരിലും, യു.ഐ.ടി. മുതുകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ സി.എ.എസ്. കാർത്തികപ്പള്ളിയിലും പരീക്ഷ എഴുതേണ്ടതാണ്. വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന് 2025 ആഗസ്റ്റ് 8 വരെ അപേക്ഷിക്കാം. യോഗ്യത : കേരളസർവകലാശാല അംഗീകരിച്ച ബിരുദം, കോഴ്സ് കാലാവധി : ഒരു വർഷം, ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : Rs. 16,500/-, ഉയർന്ന പ്രായ പരിധി ഇല്ല. SBI യിൽ A/c. No. 57002299878 ൽ 100 രൂപ അടച്ച രസീതും മാർക്ക് ലിസ്റ്റുകളുടേയും സർട്ടിഫിക്കറ്റുകളുടെയും പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ CACEE ഓഫീസിൽ ബന്ധപ്പെടുക. www.keralauniversity.ac.in നിന്നും (**Academic - Centres - Centre for Adult Continuing Education and Extension page)** അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. Phone No. 0471-2302523.

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് 2025 ജൂലൈ 31 വരെ അപേക്ഷിക്കാം. യോഗ്യത : പ്ലസ് ടു /പ്രീ ഡിഗ്രി ജയിച്ചിരിക്കണം, കോഴ്സ് കാലാവധി : ആറ് മാസം, ക്ലാസുകൾ : ശനി ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : Rs. 9000/-, ഉയർന്ന പ്രായ പരിധി ഇല്ല. www.keralauniversity.ac.in നിന്നും (**Academic - Centres - Centre for Adult Continuing Education and Extension page)** അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. SBI യിൽ A/c. No. 57002299878 ൽ Rs. 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ CACEE ഓഫീസിൽ എത്തിക്കേണ്ടതാണ്. Phone No. 0471-2302523.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**